"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി അനീസ എം. താഹ-യുടെ സെക്രട്ടറി എൽ.എസ്.ജി.ഐ. തസ്തികയിലെ പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2904/2025/LSGD തീയതി,തിരുവനന്തപുരം, 03-12-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 15/2020/ഉഭപവ തിയതി 28/10/2020
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22/08/2025 ലെ RIF-2/15/2025 നമ്പർ നിയമന ശിപാർശ
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01/09/2025 ലെ LSGD/PD/26999/2025-DEA2 നമ്പർ നടപടി ക്രമം
4. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/09/2025 ലെ LSGD/PD/27951/2025-DEA2 നമ്പർ നടപടി ക്രമം
5. ശ്രീമതി അനീസ എം. താഹ യുടെ 09/10/2025 ലെ അപേക്ഷ
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14/10/2025 ലെ LSGD/PD/27951/2025-DEA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) നിയമന ശിപാർശയുടേയും പരാമർശം (3) നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ സെക്രട്ടറി എൽ.എസ്.ജി.ഐ. തസ്തികയിൽ ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്തിൽ നിയമിതയായ ശ്രീമതി അനീസ എം താഹ-യ്ക്ക് നിയമന അധികാരിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം പ്രവേശന കാലയളവ് 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു.

2) ഗർഭിണിയായ ശ്രീമതി. അനീസ എം. താഹയ്ക്ക് ഇരട്ടകുട്ടികളാണെന്നും "spotting " എന്ന ഗർഭകാല സങ്കീർണ്ണതയുള്ളതിനാൽ യാത്ര ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ പ്രവേശനകാലയളവ് വീണ്ടും 45 ദിവസം കൂടി ദീർഘിപ്പിച്ച് നൽകുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ടിയാൾ സമർപ്പിച്ച പരാമർശം (5) അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. അനീസ എം.താഹ-യുടെ മെഡിക്കൽ സർട്ടിഫിക്കറ്റും അതിൻമേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച്, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3(ix)-ലെ വ്യവസ്ഥ പ്രകാരം, നിയമന ഉത്തരവ് തീയതിയായ

01/09/2025 മുതൽ 15/10/2025 വരെ 45 ദിവസം പ്രവേശന കാലയളവ് ദീർഘിപ്പിച്ച് നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) -ലെ നടപടി ക്രമത്തിന് തുടർച്ചയായി ഒറ്റത്തവണത്തേക്ക് മാത്രം എന്ന വ്യവസ്ഥയിൽ 16/10/2025 മുതൽ 29/11/2025 വരെ 45 ദിവസം കൂടി സെക്രട്ടറി എൽ.എസ്.ജി.ഐ. തസ്തികയിലെ ടിയാളുടെ പ്രവേശനകാലയളവ് ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി അനീസ എം. താഹ, സെക്രട്ടറി, ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത്
*(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
അക്കൗണ്ടന്റ് ജനറൽ, കേരള, (എ&ഇ/ആഡിറ്റ്)(തിരുവനന്തപുരം/തൃശ്ശൂർ)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 03-12-2025 10:07:04
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2.ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്